## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2742** — **10.07.2015- ൽ മറുപടിയ്ക്ക്**

### നടപടി നേരിടുന്ന വ്യക്തിക്ക് കാർഷിക പദ്ധതി ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നേമം നിയോജകമണ്ഡലത്തിലെ കോലിയക്കോട് പാടശേഖരത്തിൽ സ്വന്തം നിലത്തിന്റെ പകുതിയോളം നികത്തിയതിന് സബ്കളക്ടറുടെ നടപടി നേരിടുന്ന വ്യക്തിക്ക്, മുഴുവൻ സ്ഥലത്തിനും കാർഷിക പദ്ധതി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ശുപാർശകൾ നേമം കൃഷിഭവൻ ഉദ്യോഗസ്ഥർ നൽകുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരി-ച്ചിട്ടുള്ള നടപടികൾ എന്തൊക്കെ-യാണെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കൃഷി ഓഫീസർക്ക് കൃഷി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ